"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തസ്വഭവ - മുഖ്യമന്ത്രിയുടെ തദ്ദേശ റോഡ് പുനരുദ്ധാരണ പദ്ധതി **2.0** - ഭരണാനുമതി നൽകിയ പ്രവൃത്തി റദ്ദ് ചെയ്ത് പകരം പുതിയ പ്രവൃത്തി അനുവദിച്ചും, പുതിയ പ്രവൃത്തികൾക്ക് ഭരണാനുമതി നൽകിയും ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ(പി.പി) വകുപ്പ്**

സ.ഉ.(കൈ) നം.62/2026/LSGD തീയതി,തിരുവനന്തപുരം, 27-02-2026

---

പരാമർശം:-

1. **29.11.2024** ൽ **LSGD-DB2/392/2024-LSGD-Part(1)** നമ്പർ സർക്കുലർ.
2. **20.01.2025** ലെ സ.ഉ.(കൈ)നം.**14/2025/LSGD.**
3. **19.05.2025** ലെ സ.ഉ.(കൈ)നം.**80/2025/LSGD.**
4. **20.08.2025**ലെ സ.ഉ.(കൈ)നം.**153/2025/LSGD.**
5. മലപ്പുറം ഒതുക്കുങ്ങൽ ഗ്രാമപഞ്ചായത്ത് വാർഡ് 3 ലെ മെമ്പർ ശ്രീമതി ഹസീന കുരുണിയൻ ബഹു ധനകാര്യ വകുപ്പ് മന്ത്രിയ്ക്ക് സമർപ്പിച്ച **24.06.2025** ലെ കത്ത്.
6. ബഹു. എറണാകുളം എം.എൽ.എ സമർപ്പിച്ച **17.10.2025** ലെ കത്ത്.
7. ബഹു. തളിപ്പറമ്പ് എം.എൽ.എ യുടെ **23.12.2025** ലെ **110/MLA/TPBA/2025** നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

മലപ്പുറം ജില്ല, ഒതുക്കുങ്ങൽ ഗ്രാമപഞ്ചായത്തിലെ കുരുണിയൻ പറമ്പ് ജുമാ മസ്ജിദ് റോഡിന് **20** ലക്ഷം രൂപയുടെ ഭരണാനുമതി നൽകണമെന്ന് ആവശ്യപ്പെട്ട് ഒതുക്കുങ്ങൽ ഗ്രാമപഞ്ചായത്ത് വാർഡ് **3**-ലെ മെമ്പർ ശ്രീമതി ഹസീന കുരുണിയൻ പരാമർശം **(5)** പ്രകാരം സർക്കാരിൽ അപേക്ഷ സമർപ്പിച്ചിരുന്നു.

**2.** പരാമർശം **(2)** പ്രകാരം **45** ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയ

ആര്യൻപാടം റോഡ് **BMBC – Division 72** എന്ന പ്രവൃത്തി **BMBC** നിലവാരത്തിൽ ചെയ്യാൻ സാധിക്കാത്തതിനാൽ പ്രവൃത്തിയുടെ പേര് പരാമർശം (4) പ്രകാരം ആര്യൻപാടം റോഡ് – **Division 72** എന്ന് ഭേദഗതി ചെയ്തിരുന്നു. എന്നാൽ അടിയന്തരമായി സൈഡ് കെട്ടി സംരക്ഷിക്കേണ്ട സാഹചര്യത്തിൽ ഭേദഗതി ഉത്തരവ് വരുന്നതിനു മുൻപ് കൊച്ചി കോർപ്പറേഷന്റെ ഫണ്ട് ഉപയോഗിച്ച് ടി പ്രവൃത്തിക്ക് ഭരണാനുമതി നൽകിയതിനാൽ ടി പ്രവൃത്തിക്ക് പകരം "T.K.C ആർച്ച് ബിഷപ്പ് അട്ടിപ്പേറ്റി സ്കൂൾ റോഡ്" എന്ന പ്രവൃത്തിക്ക് 45 ലക്ഷം രൂപയുടെ ഭരണാനുമതി നൽകണമെന്ന് ആവശ്യപ്പെട്ട് ബഹു. എറണാകുളം എം.എൽ.എ പരാമർശം (6) പ്രകാരം സർക്കാരിന് കത്ത് നൽകിയിരുന്നു.

3. പാട്യം വായനശാല - തീപ്പെട്ടി കമ്പനി റോഡ് എന്ന പ്രവൃത്തിക്ക് പരാമർശം (2) പ്രകാരം 15 ലക്ഷം രൂപയുടെ ഭരണാനുമതി നൽകുകയും, തളിപ്പറമ്പ് എം.എൽ.എയുടെ കത്തിന്റെ അടിസ്ഥാനത്തിൽ പരാമർശം (3) പ്രകാരം ടി പ്രവൃത്തിയുടെ ഭരണാനുമതി റദ്ദ് ചെയ്ത് പകരം പ്രവൃത്തിക്ക് ഭരണാനുമതി നൽകുകയും ചെയ്തിരുന്നു. എന്നാൽ പരാമർശം (3) ഉത്തരവ് പുറപ്പെടുവിക്കുന്നതിന് മുൻപ് പാട്യം വായനശാല - തീപ്പെട്ടി കമ്പനി റോഡിന്റെ പ്രവൃത്തി ടെണ്ടർ ചെയ്ത് ആരംഭിച്ചിട്ടുണ്ടെന്നും, പുതിയ ഉത്തരവിന്റെ അടിസ്ഥാനത്തിൽ നിർമ്മാണ പ്രവൃത്തി നിർത്തി വച്ചിരിക്കുകയാണെന്നും ആയതിനാൽ ഗ്രാമീണ റോഡുകളുടെ പുനരുദ്ധാരണ പദ്ധതിയിൽ കൊളച്ചേരി ഗ്രാമപഞ്ചായത്തിലെ പാട്യം വായനശാല - തീപ്പെട്ടി കമ്പനി റോഡ് ഉൾപ്പെടുത്തുന്നതിനാവശ്യമായ നടപടി സ്വീകരിക്കണമെന്ന് ആവശ്യപ്പെട്ട് ബഹു. തളിപ്പറമ്പ് എം.എൽ.എ പരാമർശം (7) പ്രകാരം സർക്കാരിന് കത്ത് നൽകിയിരുന്നു.

4. സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. പരാമർശം (4) പ്രകാരം 45 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയ ആര്യൻപാടം റോഡ് – **Division 72** എന്ന പ്രവൃത്തി റദ്ദ് ചെയ്ത് പകരം **T.K.C ആർച്ച് ബിഷപ്പ് അട്ടിപ്പേറ്റി സ്കൂൾ റോഡ്** എന്ന പ്രവൃത്തിക്ക് 45 ലക്ഷം രൂപയുടെ ഭരണാനുമതിയും, മലപ്പുറം ജില്ല, ഒതുക്കുങ്ങൽ ഗ്രാമപഞ്ചായത്തിലെ **കുരുണിയൻ പറമ്പ് ജുമാ മസ്ജിദ് റോഡ്** എന്ന പ്രവൃത്തിക്ക് 20 ലക്ഷം രൂപയുടെ ഭരണാനുമതിയും,

തളിപ്പറമ്പ് നിയോജക മണ്ഡലം, കൊളച്ചേരി ഗ്രാമപഞ്ചായത്തിലെ **പാട്യം വായനശാല - തീപ്പെട്ടി കമ്പനി റോഡ്** എന്ന പ്രവൃത്തിക്ക് 15 ലക്ഷം രൂപയുടെ ഭരണാനുമതിയും നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
പ്രീത.കെ.എസ്.
അഡിഷണൽ സെക്രട്ടറി

**പകർപ്പ്**

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്.
ഡയറക്ടർ (റൂറൽ), തദ്ദേശ സ്വയംഭരണ വകുപ്പ്.
ചീഫ് എഞ്ചിനീയർ, തദ്ദേശ സ്വയംഭരണ വകുപ്പ്.
ധനകാര്യ വകുപ്പ്
ട്രഷറി ഡയറക്ടർ
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള,തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ.
വിവര - പൊതുജന സമ്പർക്ക വകുപ്പ് (വെബ് & ന്യൂ മീഡിയ)
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
Signed by
Manju L S
സെക്ഷൻ ഓഫീസർ
Date: 28-02-2026 12:21:27